LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 22

(ഡി) പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(എഫ്) ഉണ്ട്

(ജി & എച്ച്) 10-12-2003-ലെ മന്ത്രിസഭാ തീരുമാനപ്രകാരം 60 വയസിനു മുകളിൽ പ്രായമുള്ള കേരളീയരായ എല്ലാ പാക്ക് പൗരൻമാർക്കും മറ്റൊരു പത്ത് വർഷത്തേക്ക് കൂടി ദീർഘകാല താമസ സൗകര്യം അനുവദിക്കുവാനും, കേന്ദ്ര സർക്കാരിൽ ഇപ്പോൾ പരിഗണനയിലുള്ള എല്ലാ കേസുകളും മൂന്ന് മാസത്തിനകം തീർപ്പാക്കുവാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ പൗരത്വം തീരുമാനിക്കുന്നതിനും, ദീർഘകാല താമസത്തിനും, ഇന്ത്യൻ പൗരത്വം നൽകുന്നതിനും ഉള്ള അപേക്ഷകൾ എല്ലാരേഖകളും ലഭിക്കുന്ന തീയതി മുതൽ 3 മാസത്തിനകം തീർപ്പാക്കുവാനും, പൗരത്വം തീരുമാനിക്കുന്നതിനുള്ള കൂടിക്കാഴ്ച ഡൽഹിയിൽ നടത്തുന്നതിനു പകരം കോഴിക്കോട് വെച്ച് നടത്തണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഏഴിമല നാവിക അക്കാദമിയുടെ ഉദ്ഘാടനം

119 [120] ശ്രീ. കെ. സി. ജോസഫ്:

,, വി. ഡി. സതീശൻ:

,, അടൂർ പ്രകാശ്:

,, ടി. എൻ. പ്രതാപൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിമല നാവിക അക്കാദമിയുടെ ഉദ്ഘാടനം എന്നത്തേക്ക് നടത്തുവാനാണ് പരിപാടിയിട്ടിട്ടുള്ളത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അങ്ങോട്ടേക്ക് ആവശ്യമായ റോഡും വെള്ളവും എത്തിക്കുവാനുള്ള ഉത്തരവാദിത്വം ആർക്കാണ്;

(സി) അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) അവ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏഴിമല നാവിക അക്കാദമി 2004 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) നാവിക അക്കാദമിക്ക് ആവശ്യമായ റോഡും വെള്ളവും എത്തിക്കുവാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനാണ്.

(സി & ഡി) വിവരം ശേഖരിച്ച് വരുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങൾ എം. എൽ. എ.-മാർക്ക് ലഭ്യമാക്കാൻ നടപടി

120 [121] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി. ആർ. ഡി. എത്ര പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രസിദ്ധീകരണങ്ങൾ ഏതൊക്കെയാണ്;

(സി) ഇവയിൽ ഏതെല്ലാം എം. എൽ. എ.-മാർക്ക് ലഭ്യമാക്കിയിട്ടുണ്ട്;

(ഡി) ഇവയിൽ പലതും എം. എൽ. എ.-മാർക്ക് യഥാസമയം ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇവ എം. എൽ. എ.-മാർക്ക് യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മലയാളത്തിൽ 83-ഉം ഇംഗ്ലീഷിൽ 10-ഉം അടക്കം 93 പ്രസിദ്ധീകരണങ്ങൾ പി. ആർ. ഡി. പുറത്തിറക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly